(ബി) നിർദ്ദിഷ്ട സമയത്ത് ആവശ്യമായ സ്ഥലം കേന്ദ്ര ഗവൺമെൻറിന് കൈമാറുവാൻ സാധിക്കുമെന്ന് ഗവൺമെൻറ് കരുതുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രതിബന്ധങ്ങളൊന്നുമില്ലെങ്കിൽ 1991 ജൂലൈ മാസത്തിൽ ഭൂമി പൊന്നും വിലക്കെടുക്കുന്ന നടപടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വഴി ലഭിച്ച സ്ഥിരം നിയമനങ്ങൾ

26 [2217] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെൻറ് അധികാരമേറ്റശേഷം 1987 മുതൽ 1991 ഫെബ്രുവരി വരെ ഏതെല്ലാം വകുപ്പുകളിലാണ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന സ്ഥിരം നിയമനങ്ങൾ നടത്തിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

1987 ഏപ്രിൽ മുതൽ 1990 ജൂലൈ 31 വരെ 50,362 പേർക്ക് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി ജോലി നൽകിയിട്ടുണ്ട്. ഇതിൽ സ്ഥിരവും താൽക്കാലികവും ഉൾപ്പെടും. വേർതിരിച്ചുള്ള കണക്കും വകുപ്പ് തിരിച്ചുള്ള കണക്കും പ്രത്യേകം ശേഖരിച്ചിട്ടില്ല.

ഗൾഫ് മേഖലയിൽ കേരളീയർക്ക് തൊഴിൽ ലഭ്യമാക്കാൻ നടപടി

28 [2220] ശ്രീ. എം. ജെ. സക്കറിയ:
,, ഇസ്ഹാക്ക് കുരിക്കൾ:
,, സി. ടി. അഹമ്മദ് അലി:
,, ഇ. അഹമ്മദ്:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലെ പുനർ നിർമ്മാണ ജോലിയിൽ കേരളത്തിലെ തൊഴിലാളികൾക്ക് ജോലി ലഭിക്കുവാൻ ഉള്ള സാദ്ധ്യതയെപ്പറ്റി ഗവൺമെൻറ് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഓ. ഡി. ഇ. പി. സി. ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു;

(സി) എത്ര പേർക്ക് ജോലി ലഭിക്കുവാൻ സാദ്ധ്യതയുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-യും ബി-യും) ഇറാക്ക് കുവൈറ്റ് കീഴടക്കിയ സാഹചര്യത്തിൽ കുവൈറ്റിലെ ഇന്ത്യാക്കാരെ നാട്ടിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനു സഹായിക്കാനായി നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥൻമാരുടെ കൂട്ടത്തിൽ സംസ്ഥാന ലേബർ കമ്മീഷണറും ഓ. ഡി. ഈ. പി. സി. മാനേജിംഗ് ഡയറക്ടറുമായ ശ്രീ. എം. പി. ജോസഫും ഉൾപ്പെട്ടിരുന്നു. ഇന്ത്യാക്കാരെ തിരിച്ചയച്ചതിനു ശേഷം അദ്ദേഹം സൗദി അറേബ്യയിലെ പ്രമുഖ കമ്പനികളുമായി ഇൻഡ്യൻ തൊഴിലാളികളെ ഓ. ഡി. ഈ. പി. സി. വഴി റിക്രൂട്ട് ചെയ്യുന്നത് സംബന്ധിച്ച് ഒരു ധാരണയിലെത്തി ചേർന്നിരുന്നു. അതനുസരിച്ച് റിക്രൂട്ട്മെൻറ് ഓർഡറുകളും ലഭിച്ചിരുന്നു. എന്നാൽ യുദ്ധം അവസാനിച്ചപ്പോൾ കുവൈറ്റിലെ പുനർ നിർമ്മാണ ജോലികളുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ നിന്നും ആർക്കും ഉടനടി ജോലി ലഭിക്കാനുള്ള സാദ്ധ്യത പരിമിതമാണെന്നാണ് കുവൈറ്റ് കൗൺസിലാറിൽനിന്നും മനസ്സിലായത്. ഇക്കാര്യത്തിനു ഓ. ഡി. ഈ. പി. സി. മാനേജിംഗ് ഡയറക്ടർ ബോംബെയിലെ കുവൈറ്റ് കൗൺസിലാർ ജനറലിനെ നേരിട്ട് സന്ദർശിച്ച് ചർച്ചചെയ്തുവെങ്കിലും ചർച്ചകൾ പ്രതീക്ഷിച്ച വിധം പ്രോൽസാഹജനകമായിരുന്നില്ല.

(സി) നിലവിലുള്ള സാഹചര്യത്തിൽ കുവൈറ്റിലേക്കുള്ള റിക്രൂട്ട്മെൻറിനു ഉടനടി സാദ്ധ്യതകൾ കുറവാണ്. എന്നാൽ സൗദി അറേബ്യയിലെ പല കമ്പനികളിലും ജോലി ലഭിക്കുവാൻ സാദ്ധ്യതയുണ്ട്. എത്ര പേർക്ക് ജോലി ലഭിക്കും എന്നു മുൻകൂട്ടി കണക്കാക്കാൻ നിവൃത്തിയില്ല.

വൈദ്യുതി ബോർഡിൽ അസിസ്റ്റൻറ് എഞ്ചിനീയർമാരുടെ നിയമനത്തിനു എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു് നൽകിയ ലിസ്റ്റ്

29 [2221] ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ:
ശ്രീമതി ലീലാ ദാമോദരമേനോൻ:
ശ്രീ. പന്തളം സുധാകരൻ:
,, കെ. കെ. തോമസ്:
,, കെ. എ. ചന്ദ്രൻ:
,, എം. വി. രാഘവൻ:
,, പെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ സിവിൽ വിഭാഗം അസിസ്റ്റൻറ് എഞ്ചിനീയർമാരുടെ നിയമനത്തിനു പ്രൊഫഷണൽ ആൻറ് എക്സിക്യൂട്ടീവ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും ബോർഡിലെത്തിയ ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് ഓരോരുത്തർക്കും അവരുടെ കാറ്റഗറി ടൈപ്പിംഗ് ഡിക്ടേഷൻ പരീക്ഷക്ക് കിട്ടിയ മാർക്ക് എത്ര ശതമാനമായിരുന്നു;

(ബി) ലിസ്റ്റനുസരിച്ച് ഇവർ ഓരോരുത്തരും ബി.എസ്സ്.സി. എഞ്ചിനീയറിംഗ് പാസായ വർഷം ഏത്; ഇവരിൽ തെരഞ്ഞെടുത്തത് ആരെയെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly